

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**06 MARCH 2020**
**11 RAJAB 1441 AH**

# THE ATTRIBUTES OF ALLAH (PT.3)

## അല്ലാഹുവിന്റെ ഗുണനാമങ്ങൾ (ഭാഗം -3)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അല്ലാഹുവിന്റെ ഗുണനാമങ്ങൾ (ഭാഗം -3)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അല്ലാഹുവിന്റെ ഗുണനാമങ്ങൾ എന്ന വിഷയത്തെക്കുറിച്ചുള്ള മൂന്നാമത്തെ വെള്ളിയാഴ്ച ഖുത്തുബ തുടരുകയാണ്. ഈ വിഷയത്തെ ആഴത്തിൽ നോക്കി കാണുവാനും വിശദീകരിക്കുവാനുമുള്ള അറിവും അവസരവും എനിക്കു തന്നനുഗ്രഹിക്കുവാൻ അല്ലാഹുവിനല്ലാതെ മറ്റാർക്കും തന്നെ കഴിയുകയില്ല. അവന്റെ ദൈവീകാനുഗ്രഹവും അവന്റെ സഹായവും ഇല്ലാതെ, എനിക്കിത് നിർവ്വഹിക്കുവാൻ ഒരിക്കലും കഴിയുകയില്ല. ഇത്തരം ഗഹനമായ ഒരു വിഷയത്തെക്കുറിച്ച് ദുർബലനായ ഒരു സൃഷ്ടിയായ എനിക്ക് അവന്റെ സഹായമില്ലാത ഒരിക്കലും സാധ്യമല്ല. എല്ലാ വിശ്വാസികളുടെയും ജീവിതത്തിൽ ഈ വിഷയം വളരെ പ്രധാനപ്പെട്ടതുതന്നെയാണ് കാരണം അവർ അല്ലാഹുവിനെ അറിയുവാൻ കഴിയുന്നത് അവന്റെ ഗുണനാമങ്ങളിലൂടെയാണ്. എല്ലാ ദിവസവും അവന്റെ ഗുണനാമങ്ങൾ വായിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്വമായി നാം ഏറ്റെടുക്കേണ്ടതാണ്. വിശിഷ്യാ നാം ജീവിക്കുന്ന പ്രയാസമേറിയ ഈ സമയങ്ങളിൽ) ഇൻശാ അല്ലാഹ്!

ഞാൻ പ്രസ്തുത വിഷയം തുടരുകയാണ്. പ്രശംസകിട്ടാനായി കള്ളം പറയുന്നിടത്തുനിന്ന് തുടങ്ങാം, അവന്റെ ആഗ്രഹപൂർത്തീകരണത്തിനായി അവൻ കള്ളം പറയുന്നു, മാന്യത ലഭിക്കാനായി കള്ളം പറയുന്നു, മഹത്വം ലഭിക്കാനായി കള്ളം പറയുന്നു, അവന്റെതല്ലാത്ത

ധനം ആർജ്ജിക്കുവാനും അവൻ കള്ളത്തെ ആശ്രയിക്കുന്നു. ഇതൊക്കെ കിട്ടുന്നതിനായി അവൻ ഒന്നും ചെയ്യുന്നില്ല. അവൻ സത്യസന്ധമായി ഈ കാര്യങ്ങൾ നേടുന്നതിനായി കഠിനാധ്വാനം ചെയ്യുന്നില്ല. പിന്നെ അവൻ ചെയ്യുന്നത് കള്ളത്തിലൂടെയാണ്. തന്റെ അയൽവാസിയുടെ ധനം മോഷ്ടിക്കുന്നതിനായി അവൻ കള്ളം പറയുന്നു, അല്ലെങ്കിൽ സഹോദരന്റെ ധനം അല്ലെങ്കിൽ സഹോദരിയുടെ ധനം അപഹരിക്കുവാനായി അവൻ കള്ളത്തെ ആശ്രയിക്കുന്നു. അവൻ അത്യാഗ്രഹിയാണ്. അവൻ മാത്രം നേടുന്നതിനെ അവൻ ഇഷ്ടപ്പെടുന്നു. ഈക്കാര്യം നേടുന്നതിനായി അവൻ അവന്റെ സഹോദരന്മാരെയും സഹോദരിമാരെയും വേല വെയ്ക്കുന്നു.രേഖകളിൽ അവരെക്കൊണ്ട് ഒപ്പ് വെയ്പ്പിക്കുന്നു. അവരുടെ ധനം പിടിച്ചെടുക്കുന്നതിനായി! എന്നിട്ട് അവരെ അവൻ തള്ളിക്കളയുന്നു. എന്നിട്ട് ഈ ധനങ്ങൾ അവന് ഒറ്റയ്ക്ക് ആസ്വദിക്കുന്നതിനായി മാറ്റി വെയ്ക്കുന്നു.

നമുക്ക് വിശുദ്ധഖുർആൻ നല്കുന്ന മാതൃകയിലേക്ക് നോക്കുകയാണെങ്കിൽ, പ്രശംസ ലഭിക്കുന്നതിനായി മുഖസ്തുതിയും കള്ളവും പറയുന്ന ആളുകളുണ്ട് എന്ന് നമുക്ക് കണ്ടടെത്തുവാൻ കഴിയുന്നതാണ്. കാരണം അവർ ഇപ്രകാരം ചെയ്യുന്നത് അത്യാഗ്രഹം കൊണ്ടാണ്. ഈ സാഹചര്യം മതത്തിലും നിലനില്ക്കുകയാണ്. ജമാഅത്തിൽ മാന്യതയും മഹത്വവും ലഭിക്കുന്നതിനായി, ഇത്തരത്തിലുള്ള ആളുകൾ മുന്നോട്ടു വന്ന് ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാറുണ്ട്. അയാൾ പറയും ഈ കാര്യങ്ങൾ ഞാൻ ഏറ്റെടുത്തു ചെയ്തു കൊള്ളാം (ഉദാഹരണമായി പറഞ്ഞാൽ ഭക്ഷണത്തിന്റെയും, ടെന്റിന്റെയും ക്രമീകരണങ്ങളുടെ ഉത്തരവാദിത്വം) തീരുമാനം അയാൾ എടുക്കുന്നു. പ്രസ്തുത ദിവസം രാവിലെ ഈ രീതിയിലുള്ള ഭക്ഷണം, ചായ സമയത്ത് ഇന്ന ഇന്ന നിലയിലും ചായയും, കടിയും, രാത്രി സമയത്ത് ഇന്ന നിലയിലുള്ള ഭക്ഷണവും അതിനു അനിയോജ്യമായ കടിയും! ഒരു മൂന്നുദിവസത്തെ പരിപാടിയാണ് സംഘടിപ്പിക്കേണ്ടതെങ്കിൽ, അയാൾതന്നെ എല്ലാം ചെയ്യും. എന്നിട്ടു പറയും ഞാൻ ഇന്ന ഇന്ന നിലയിലുള്ള ഭക്ഷണം നല്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുകയാണ്. പിന്നീട് ഇതിന്റെ ചെലവ് സംബന്ധമായി ചോദിക്കുമ്പോൾ ഇതിനെല്ലാം കൂടി എന്തു ചെലവായി എന്നു ചോദിക്കുമ്പോൾ, അദ്ദേഹം പറയും വിഷമിക്കണ്ട! ഒരു പ്രശ്നവുമില്ല! അതേ സമയത്ത് ഇയാൾ നിങ്ങൾക്കും ജമാഅത്തിനും പൊതു

വിലും ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതാണ്.

പരിപാടി കഴിഞ്ഞതിനുശേഷം അയാൾ ഒരു വലിയ ലിസ്റ്റുമായി രംഗത്തു വരുന്നു. എന്നിട്ട് അത് മാനേജിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു. അതോടൊപ്പം ജമാഅത്തിന്റെ അംഗങ്ങളുടെ മുമ്പാകെയും അവരോ വളരെ വലിയ ത്യാഗങ്ങൾ ചെയ്തവരുമാണ്. നിങ്ങൾക്ക് സുഖകരമല്ലാത്ത ഒരു വാർത്തയുമായാണ് അയാളുടെ നില്പ്. അദ്ദേഹത്തിന്റെ ബില്ലിൽ അദ്ദേഹത്തിന്റെ ജോലിക്കൂലിയും ഉണ്ടായിരിക്കും. ഗ്യാസ് കൊണ്ട് വന്നത് ഉൾപ്പടെയുള്ള എല്ലാ കടത്തുകൂലിയും അതിലുണ്ടായിരിക്കും ഞാൻ പറഞ്ഞുവക്കുന്നത് അദ്ദേഹം പ്രസ്തുത പരിപാടിയ്ക്കായി ഒരു സ്പോൺസർഷിപ്പും നല്കിയിട്ടുണ്ടാവില്ല. എല്ലാ വിലകളും വക്രീകരിച്ചിട്ടുണ്ടാകും, ഓരോ ചലനത്തിനും രൂപ എഴുതിയിട്ടുണ്ടാവും. ഒടുവിൽ ഒരു വലിയ തുക അയാൾ ഈടാക്കുന്നു. ജമാഅത്തു ഭാരവാഹികൾ ഈ കാര്യത്തിൽ കണ്ണടയ്ക്കുന്നു. അയാളിൽ വിശ്വസിക്കുന്നു. (അയാളുടെ എല്ലാ കള്ളങ്ങളിലും വിശ്വസിക്കുന്നു) മൈക്കിന്റെ മുമ്പിലെ പ്രസംഗത്തിൽ, അയാൾക്ക് വളരെ വലിയ പ്രശംസ ലഭിക്കുന്നു. അദ്ദേഹം ചെയ്ത പ്രവർത്തനങ്ങൾക്ക് ! അദ്ദേഹം ചെയ്ത സ്പോൺസർഷിപ്പ്നും അദ്ദേഹം അനുഷ്ഠിച്ച ത്യാഗങ്ങൾക്കും! ഈ കാര്യങ്ങളൊക്കെ സ്ഥാനം നേടുന്നതിനുള്ള കബളിപ്പിക്കൽ മാത്രമാണ്. ഭൂമിയിലെ അല്പകാലത്തെ വ്യാജമുഖസ്തുതി മാത്രമാണ്.

അവരെ ചതിക്കുന്ന ഈ ആളുകൾക്ക്, ജനങ്ങൾ വളരെ വലിയ ആദരവും അഭിനന്ദനങ്ങളും നല്കുന്നു. ഹൃദയത്തിൽ അയാൾ (ചതിയൻ) പറയുന്നത് ഈ ജോലിയിലൂടെ മൂന്ന് ദിവസത്തെ ചതിയിലൂടെ, ഞാൻ ചെയ്യേണ്ടതായിരുന്ന ഈ പണിയിലൂടെ, ഞാനൊരു ജേതാവിനെ പോലെ, മടിശ്ശീല നിറയെ പണം നേടുകയുണ്ടായി. ഇതെല്ലാം ഹറാമായ കാര്യങ്ങൾ തന്നെയാണ്. അല്ലാഹുവിന്റെ വീക്ഷണത്തിൽ ഇതെല്ലാം വളരെ ഗൗരവതരമായ കാര്യങ്ങളാണ്. അല്ലാഹു(ത) ഇതെല്ലാം നിങ്ങളിൽ നിന്ന് തിരിച്ചുപിടിക്കുന്ന ദിവസം, നിങ്ങൾ അപമാനത്തിലേക്ക് കൂപ്പുകുത്തിവീഴുന്നതാണ്. അന്ന് നിങ്ങൾ നല്ല ആരോഗ്യത്തിൽ പോലും ആയിരിക്കില്ല. ഈ ദുഷിച്ച നിലയിൽ നേടിയ ധനമെല്ലാം അന്നവസാനിച്ചിരിക്കും. അതായത് പ്രസ്തുത നികൃഷ്ടധനം നിങ്ങളുടെ ആരോഗ്യം

വീണ്ടെടുക്കുന്നതിന്, മോശമായ നിലയിൽ ഉപയോഗിച്ച് തീർന്നിരിക്കും. ആരംഭത്തിൽ നിങ്ങൾക്കുണ്ടായിരുന്നതെല്ലാം നിങ്ങൾക്ക് നഷ്ടമാകും. നിങ്ങളുടെ മടയത്തരത്താൽ എല്ലാം നിങ്ങൾക്ക് നഷ്ടമാകും. ജനങ്ങളുടെ കണ്ണുകളിൽ, ഈ നഷ്ടം നിങ്ങളുടെ മടയത്തരമായി കാണപ്പെടുന്നതാണ്, എന്നാൽ ഇത് അങ്ങനെ മാത്രമല്ല, ഇതൊരു ദൈവശിക്ഷയാണ്. അല്ലാഹു (ത) നിങ്ങളെ നിങ്ങളുടെ നാശത്തിലേക്ക് നയിക്കുകയായിരുന്നു. ഈ നിലയിൽ അല്ലാഹു(ത)ഒരു മനുഷ്യനെ അത്തരം ആളുകളെ പിടിക്കുമ്പോൾ, അതിൽ നിന്ന് പുറത്തു കടക്കുവാൻ ഒരു വഴിയും കണ്ടെത്തുകയില്ല. പശ്ചാത്തപിക്കുവാൻ അല്ലാഹു(ത) നിങ്ങൾക്ക് സമയം തരുന്നു. എന്നാൽ നിങ്ങളുടെ അത്യാഗ്രഹവും കള്ളവും നിങ്ങൾ തുടരുകയാണ്. ഈ ശിക്ഷയിൽ നിന്നും നിങ്ങൾ രക്ഷപ്പെടുകയില്ല. എന്റെ ജീവിതത്തിൽ ഇത്തരം ആളുകളെ ഞാൻ അനേകം പ്രാവശ്യം കണ്ടിട്ടുണ്ട്. അവരുടെ ഗർവ്വിൽ അവർ ആണ്ടു കിടക്കുകയാണ്. അവർ സ്വയം പൊങ്ങച്ചത്തിലാണ്. അവരുടെ ധനം കാട്ടി ഗർവ്വ് കാണിക്കുന്നു. മോശവഴിയിലൂടെ സമ്പാദിച്ച സമ്പത്തിൽ അവർ ആർഭാടം കാണിക്കുന്നു. ഒടുവിൽ അവർ യാചകരായി മാറുന്നു. യാചകരേക്കാൾ മോശമായ അവസ്ഥയിലേക്ക് മാറുന്നു. ഒരു യാചകനുപോലും അവന്റേതായ ഒരു പദവിയുണ്ട്. ഇവരുമായി താരതമ്യം ചെയ്യുമ്പോൾ അവർക്കതുപോലുമില്ല. ഇത്തരം കള്ളം പറയുന്നവർ, മഹത്വത്തിനായി ദാഹിക്കുന്നവർ, ചെന്നു പതിക്കുന്നത്, ഇത്തരം ഗർത്തങ്ങളിലാണ്. അത്തരം സാഹചര്യത്തിൽ അവനെ നോക്കാൻ പോലും ആരുമുണ്ടാകില്ല.

ആയതിനാൽ, വ്യാജത്തെകുറിച്ച് നിങ്ങൾ ചിന്തിക്കുന്നതായാൽ, പ്രസ്തുത ചിന്ത മുഴുവൻ സൂറ: അൽഫാത്തിഹയിൽ പ്രയോജനപ്പെടുത്തിയാൽ, അപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിയും. സൂറ: അൽഫാത്തിഹായിലെ, അല്ലാഹുവിന്റെ ഓരോഗുണനാമവും അല്ലാഹുവിന്റെ സത്യതയ്ക്ക് സാക്ഷ്യം വഹിക്കുന്നതാണെന്ന്! അത് അവനെ അൽഹഖ് എന്ന് വിശേഷിപ്പിക്കുന്നതാണെന്ന്! ഇതിന്റെ കാരണം, ഈ ഗുണനാമം കാണിക്കുന്നത് ഇതാണ്, അതായത് അല്ലാഹുവിന് കള്ളം പറയുന്നതുകൊണ്ട് അവന് ഒരു പ്രയോജനവും ഇല്ല എന്ന് (അവനാ കള്ളം പറയേണ്ടുന്ന ആവശ്യമില്ല) കള്ളത്തിന്റെ പിന്നിലെ മറ്റൊരു കാരണം, നിങ്ങളുടെ അറിവില്ലായ്മ മറ

ച്ചുവെയ്ക്കുവാനാണ്. അനേകം ആളുകളും ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ പലപ്പോഴും വളരെ പെട്ടെന്ന് പറയുന്നു. അതുകൊണ്ട് അവർ അറിവില്ലാത്തവരാണ് എന്ന് ജനങ്ങൾക്ക് പറയുവാൻ കഴിയുകയില്ല. ജനങ്ങൾ കരുതും അവർ കാര്യങ്ങൾ ആഴത്തിൽ അറിയാവുന്നവരാണെന്ന്, ഫലത്തിൽ അവർക്കൊരു ചുക്കും അറിയുകയില്ല. അതുകൊണ്ട് അവർ എന്തുകാര്യത്തെകുറിച്ചും പെട്ടെന്ന് മറുപടി പറയുന്നു. അറിവില്ലാത്തവരാണെന്ന് ആളുകൾ അറിയുന്നതിനെ അവർ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് ഇതെല്ലാം മൂടിവെയ്ക്കുന്നതിന് അവർ കള്ളത്തെ കൂട്ടുപിടിക്കുന്നു.

ഈ കള്ളങ്ങളിൽ സിംഹഭാഗവും അവർ മറച്ചുവെയ്ക്കുന്നതാണ്. കള്ളം പറയുന്നവർ തന്നെ മറച്ചുവെയ്ക്കുന്നതാണ്. ഇക്കാര്യത്തിൽ അവർ മനപൂർവ്വം കള്ളം പറയുന്നതല്ല. എന്നാൽ അവരുടെ പ്രവർത്തിയിലൂടെ, അവർ പറയുന്നതെല്ലാം അഥവാ ചെയ്യുന്നതെല്ലാം സത്യംപോലെ തോന്നുന്നതാണ്. (എന്നാൽ അതു സത്യമല്ല) ഇക്കാരണത്താൽ ചില സന്ദർഭങ്ങളിൽ വലിയ വഴക്കുകളുണ്ടാകും, അല്ലെങ്കിൽ തർക്കങ്ങളുണ്ടാകും.

ഹസ്രത് മുസ്‌ലിഹ് മൗഊദ് (റ) ഇക്കാര്യത്തിൽ അതിസൂക്ഷ്മതയുള്ള ആളായിരുന്നു. ഒരു സ്ഥലത്തുവെച്ച് ഒരു കാര്യം നടന്നു എന്ന് ഒരാൾ അദ്ദേഹത്തോട് പറഞ്ഞാൽ അപ്പോൾ തന്നെ അദ്ദേഹം നേരിട്ട് ചില കാര്യങ്ങൾ ആരായും. നിങ്ങൾക്കിത് എങ്ങനെ അറിയാം? നിങ്ങൾക്കൊരു കാര്യത്തെക്കുറിച്ച് അറിയില്ലെങ്കിൽ, നിങ്ങൾ അക്കാര്യം കണ്ടില്ലെങ്കിൽ, പിന്നെ എന്തിനാണ് നിങ്ങൾ ഊഹത്തിന്റെ അടിസ്ഥാനത്തിൽ അതു പറയുന്നത് (നിങ്ങളുടെ ഭാവനയ്ക്കനുസൃതമായി)

ചില സന്ദർഭങ്ങളിൽ ഇത്തരം കണക്കുകൂട്ടലുകൾ കള്ളങ്ങളായിരിക്കും. ഇതിനുള്ള ഉദാഹരണം ഖുർആൻ നമുക്ക് പറഞ്ഞു തരുന്നുണ്ട്, വിശുദ്ധഖുർആൻ പറയുന്നു, ഭൂമിയിലെ ബഹുഭൂരിഭാഗം ആളുകളും, ഈ സ്വഭാവമുള്ളവരാണ് ) അവരുടെ മനസ്സിൽ നിന്നും വരുന്ന ശരിയല്ലാത്ത കാര്യങ്ങൾ പറഞ്ഞു നടക്കുന്നവരാണ്) അവർ പറയുന്നതിനെ നിങ്ങൾ പിന്തുടരുകയാണെങ്കിൽ, നിങ്ങൾ വഴികേടിലാകുന്നതാണ്. ഈ പറഞ്ഞത് അവിശ്വാസിയുടെയും വിശ്വാസിയുടെയും കാര്യമല്ല. ഈ പറഞ്ഞത് ജനങ്ങളിൽ അധികപേരും എന്നാണ്. ഇതൊരു സത്യവസ്തുതയാണ്, ഭൂരിഭാഗം ആളുകളും കാര്യങ്ങൾ

വിവരിക്കുന്നത് അല്ലെങ്കിൽ സാഹചര്യം വിശദീകരിക്കുന്നത് അവരുടെ കണക്കുക്കൂട്ടലുക്കനുസൃതമായിട്ടാണ് (അതായത് അവരുടെ മസ്സിൽ എന്താണോ വരുന്നത്) അത് യഥാർത്ഥ വസ്തുതകളുടെ അടിസ്ഥാനത്തിലായിരിക്കില്ല. അപ്പോൾ, അല്ലാഹു(ത) ഹസ്രത് മുഹമ്മദ് മുസ്തഫ(സ)നെ അഭിസംബോധന ചെയ്യുമ്പോൾ, അല്ലാഹു(ത) പറഞ്ഞു നിങ്ങൾ സത്യം പറയുന്നത് അവയെ നിങ്ങൾ മനസ്സിലാക്കിയ നിലയിലാണ്, ഈ സത്യങ്ങളെ നിങ്ങൾ അംഗീകരിക്കുകയും ചെയ്യുന്നു. എന്നാൽ ഈ ആളുകൾ, നിങ്ങളിലൂടെ മുന്നറിയിപ്പ് നല്കപ്പെടുന്നവർ, അവരിൽ ഭൂരിഭാഗവും, അവരുടെ കണക്കുക്കൂട്ടലുകൾക്കനുസൃതമായി കാര്യങ്ങൾ പറയുന്നവരാണ്. അവർ അക്കാര്യത്തിൽ അവരുടേതായ വിധികളിലെത്തിച്ചേരുകയാണ്. അവരുടെ ചിന്തകൾക്കനുസൃതമായി അവർ കാര്യങ്ങൾ തീരുമാനിക്കുന്നു. ഈ സാഹചര്യത്തെ കുറിച്ച് ഈ കാര്യത്തെകുറിച്ച് അവർക്ക് ശരിയായ നിലയിലുള്ള അറിവില്ല. പിന്നെ അവർ എന്താണ് ചെയ്യുന്നത്? അവർ സങ്കല്പിക്കുക മാത്രമാണ്. തെളിവില്ലെങ്കിലും ശരിയാണെന്നു കരുതുക മാത്രമാണ് ചെയ്യുന്നത്. അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. നിങ്ങൾ അവരെ പിന്തുടുരുകയാണെങ്കിൽ, അപ്പോൾ അവർ നിങ്ങളെ വഴികേടിലൂടെ നയിക്കുന്നതാണ്. അവർ ഒരക്കലും നേർവഴി പ്രാപിച്ചരല്ല. അവർ കള്ളം പറയുന്നവരാണ്, അതിന്റെ കാരണം അവരുടെ അറിവില്ലായ്മയാകുന്നു.

എന്നാൽ അല്ലാഹു(ത) യെകുറിച്ചു പറയുമ്പോൾ, ഖുർആൻ നമുക്ക് വെളിച്ചം നല്കുന്നത്, അവന്റെ സമ്പൂർണ്ണവും സമഗ്രവുമായ അറിവിനെകുറിച്ചാണ്. അവൻ എല്ലാം അറിയുന്നവനാണ്. അവൻ അലീമുൻ ആകുന്നു. സൂറ: അൽഫാത്തിഹായിൽ പരാമർശിക്കപ്പെട്ട ഗുണനാമങ്ങളിലൂടെ കാര്യങ്ങൾ ഗ്രഹിക്കുവാൻ നമുക്ക് പൂർണ്ണമായ അറിവുണ്ടെങ്കിൽ മാത്രമെ സാധിക്കുകയുള്ളു.

സൂറ:ഫാത്തിഹായിലെ റഹ്മാൻ എന്ന ഗുണനാമത്തിലേക്ക് നിങ്ങൾ നോക്കുകയും അപഗ്രഥിക്കുകയും ചെയ്യുമ്പോൾ, അത് അല്ലാഹുവിന്റെ ഒരു ഗുണനാമമാകുന്നു അപ്പോൾ സൃഷ്ടാടവിനുള്ള അടിസ്ഥാന ഗുണം അവന്റെ റഹ്മാൻ എന്ന ഗുണമാണ് എന്ന് മനസ്സിലാകും. അറിവില്ലാതെ സൃഷ്ടിച്ച് നടത്തുവാൻ സാധിക്കുകയില്ല. അപ്പോൾ സൃഷ്ടാവാണ് ഏറ്റവും നന്നായി അറിവുള്ളവൻ എന്ന് മനസ്സിലാകും. അപ്പോൾ അവൻ മാത്രമാണ് എല്ലാ അറിവുകളും സ്വായത്തമാക്കിയിട്ടുള്ളവൻ. എല്ലാ ന്യൂനതകളിൽ നിന്നും മുക്തനാണ് ഉട

മസ്ഥനായവൻ. അതിന്റെ കാരണം എല്ലാ ന്യൂനതകളിൽ നിന്നും മുക്തമായതാണ് അവന്റെ അറിവുകളെല്ലാം

റുബൂബിയ്യാത്തുമായി ഹംദ് എന്ന വിഷയം സമ്മേളിക്കുമ്പോൾ, അതോടൊപ്പം റഹ്മാൻ എന്ന ഗുണനാമവുമായും ചേരുമ്പോൾ, ഈ സാഹചര്യത്തിലാണ്, അതിന് യഥാർത്ഥമായ ഒരു തെളിവ് ഉണ്ടാകുന്നത്. അതായത് എല്ലാ അറിവുകളും സമ്മേളിക്കുന്ന ഒരു സത്തയുണ്ട് എന്ന്! സമ്പൂർണ്ണമായ അറിവ്! കാരണം സമ്പൂർണ്ണ അറിവിലൂടെയാണ് സൃഷ്ടിപ്പ് തുടരുന്നത്. കാരണം അത് അവന് സ്വയം അറിയാവുന്ന കാര്യമാണ് (സമ്പൂർണ്ണ അറിവ് ഉള്ളവൻ) അറിവില്ലാത്ത ഒരാൾക്ക് കാര്യങ്ങൾ ഗ്രഹിക്കുവാൻ കഴിയില്ല. കാര്യങ്ങളെ വിവേചിച്ചറിയുവാനും സാധിക്കുകയില്ല അത്തരത്തിലുള്ള കാര്യങ്ങൾ അറിയാമെന്നിരിക്കെ, ജനങ്ങൾ അറിവില്ലാത്ത/ അർത്ഥശൂന്യമായ കാര്യങ്ങൾ ചെയ്യുകയില്ല. ഒരു കാര്യത്തെക്കുറിച്ച് അവർക്ക് എല്ലാ അറിവും ഉണ്ടെന്നിരിക്കെ(അവർക്ക് ശരിയായ നിലയിൽ പ്രവർത്തിക്കുവാൻ കഴിയും) അപ്പോൾ അറിവില്ലായ്മയാണ് അവർ കള്ളം പറയുവാൻ കാരണമാകുന്നത്. ചിലപ്പോൾ അത് മനഃപൂർവ്വമാകാം. മറ്റു ചിലപ്പോൾ മനഃപൂർവ്വമല്ലാതെയുമാകാം. എന്നാൽ അല്ലാഹു(ത) സൂറ:അൽഫാത്തിഹ അവതരിപ്പിക്കുമ്പോൾ, അവൻ അല്ലാഹു ആകുന്നു. അവൻ എല്ലാം അറിയുന്നവനാകുന്നു. അറിവിൽ അവനെ അതിജയിക്കുവാൻ നിലനില്ക്കുന്നവനായി മറ്റൊരുവനുമില്ല. അവനെക്കാൾ പഠിച്ച മറ്റൊരുവനുമില്ല. അതുകൊണ്ട് സൃഷ്ടിക്കുവാൻ കഴിവില്ലാത്ത ആളുകൾ, അവർ കള്ളത്തെ അവലംബമാക്കുന്നു.

സത്യത്തിൽ മുഖസ്തുതിയും അത്യാഗ്രഹവുമായി ഇതിനൊരു ബന്ധമുണ്ട്. യഥാർത്ഥ സാധനങ്ങൾ സൃഷ്ടിക്കുവാൻ കഴിയാത്തവർ, അവർ ഡൂപ്ളിക്കേറ്റ് സാധനങ്ങൾ സൃഷ്ടിക്കുന്നു. മാർക്കറ്റിൽ എല്ലാ യഥാർത്ഥ സാധനങ്ങളുടെയും, യഥാർത്ഥമല്ലാത്ത, സമാന പതിപ്പുകളും ലഭ്യമാണ്. ഇതേ വിഷയമാണ് ഞാൻ നിങ്ങളുടെ മുമ്പാകെ വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നതും. പ്രകടമാക്കുവാൻ/പ്രദർശിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ആളുകൾ, അഥവാ മറ്റുള്ളവരെ തങ്ങളുടെ ഇംഗിതങ്ങൾക്കനുസരിച്ച് മാറ്റുവാൻ ആഗ്രഹിക്കുന്നവർ, മാജിക് വേല കാണിച്ച് തങ്ങളുടെ പാട്ടിലാക്കുവാൻ ആഗ്രഹിക്കുന്നവർ, ഇവർക്കെല്ലാം ഈ വിഷയവുമായി ഒരു ബന്ധമുണ്ട്, ഇവർക്കാർക്കും യഥാർത്ഥ വസ്തുവിനെ സൃഷ്ടിക്കുവാൻ

കഴിയുകയില്ല. അതുകൊണ്ട് അവർ ചതിയെ കൂട്ടുപിടിക്കുന്നു. അവർ സൃഷ്ടിക്കുവാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് അവർ കള്ളത്തെ കൂട്ടുപിടിക്കുന്നു, ഈ ഗുണനാമത്തിന്റെ (അതായത് സൃഷ്ടാവ്) എന്ന ഗുണത്തിന്റെ ഒരു ഭാഗത്തെ അവർ, മനസ്സിൽ ക്രമേണ കടത്തുന്നു. അവർക്ക് യഥാർത്ഥമായത് സൃഷ്ടിക്കുവാൻ കഴിയാത്തതുകൊണ്ട്, അവർ കൃത്രിമമായതിനെ സൃഷ്ടിക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ച് വിശുദ്ധഖുർആൻ നമുക്ക് വെളിച്ചം നല്കുന്നതു കാണുക. ഹസ്രത് മൂസാ (അ)ന്റെയും ജാലവിദ്യക്കാരുടെയും സംഭവം എടുത്തുകാണിക്കുന്നുണ്ട്. ഹസ്രത് മൂസ(അ)ന്റെ വടി എല്ലാ പാമ്പുകളെയും വിഴുങ്ങി എന്ന് പരാമർശമില്ല. അവിടെ പാമ്പുകൾ പോലും ഉണ്ടായിരുന്നില്ല. അപ്പോൾ പിന്നെ ഈ പാമ്പുകളെ ഈ മാന്ത്രികർക്ക് സൃഷ്ടിക്കുവാനുള്ള ശക്തി എവിടെ നിന്ന് കിട്ടി? (മറിച്ച് എന്താണ് സംഭവിച്ചത്) അവർ ജനങ്ങളുടെ കണ്ണുകളെ മനശ്ശക്തികൊണ്ട് നിദ്രയിലാക്കുകയാണ് ചെയ്തത്; മാജിക്കിലൂടെ! ജാലവിദ്യയിലൂടെ! കണ്കെട്ട് വിദ്യയിലൂടെ! ഇന്ദ്രജാലത്തിലൂടെ, മാന്ത്രിക ശക്തിയിലൂടെ!

വിശുദ്ധഖുർആന്റെ ഒഴുക്കും ശക്തിയും സമുചിതത്വമുള്ള വാക്ക് പ്രയോഗം നോക്കൂ!അതുപറയുന്നു പ്രസ്തുത വടി കള്ളങ്ങളെ തിന്നു. അതായത് അതുകൊണ്ടർത്ഥമാക്കുന്നത് സത്യം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. മാന്ത്രിക കയറുകൾ, ചരടുകൾ, മാത്രമല്ല വടികളും വെറും സാധാരണ കയറുകളായി (പാമ്പുകളല്ല) ആയതിനാൽ അപ്രത്യക്ഷമായത് പാമ്പുകളല്ല; കള്ളങ്ങളാണ് (തീർച്ചയായും കള്ളം അപ്രത്യക്ഷമാകുന്നതു തന്നെയാണ്)

ജനങ്ങൾ കള്ളം പറയുന്നത് അനീതിയാണ്. വസ്തുത ഇതാണ്, അതായത് മാലിക്ക് (എന്ന ഗുണനാമത്തിന്റെ) അഭാവമാണത്. ഏതൊരു വ്യക്തിയാണോ ഉടമസ്ഥനല്ലാത്തത്, എല്ലാ വസ്തുക്കളുടെയും, ഉടമസ്ഥനല്ലാത്തത്, ഒരു പ്രത്യേക വസ്തുവിന്റെ ഉടമസ്ഥൻ, മറ്റൊരാളാണെന്ന് അവൻ കാണുന്നു, അപ്പോൾ അവൻ അതിന്റെയും ഉടമസ്ഥനാകുവാൻ ആഗ്രഹിക്കുന്നു. സത്യത്തിൽ ഇതാണ് അത്യാഗ്രഹം എന്നു പറയുന്നത്. ഇത് സംബന്ധമായി ഞാൻ പറഞ്ഞുകഴിഞ്ഞതാണ്. ഈ വിഷയത്തിന് രാജത്വം/രാജ്യം എന്ന വാക്കുമായി ഒരു ബന്ധമുണ്ട്. അതോടൊപ്പം വസ്തുവകകളും ധനവുമായും ബന്ധമുണ്ട്. ഈ ആളുകൾ രാജാക്കന്മാരല്ല. എന്നാൽ അവർ കള്ളം

പറയുന്നത് മറ്റുള്ളവരുടെ ധനം അപഹരിക്കുവാനാണ്. എന്നാൽ ആരാണോ യഥാർത്ഥത്തിൽ രാജാവായിട്ടുള്ളത്. അവൻ കള്ളം പറയുന്നതുകൊണ്ട് എന്തു നേടുവാനാണ്? ഈ ചെറിയ തെറ്റുകൾ ചിലപ്പോൾ സംഭവിക്കുന്നത്, അല്ലെങ്കിൽ വളരെ വളരെ ചെറിയ തെറ്റുകൾ സംഭവിക്കുന്നത്, നിയ്യത്തിൽ അതിനൊരു സ്വാധീനമുണ്ടാകും, വലിയ ആളുകൾ എന്നുകരുതുന്നവരുടെ നിയ്യത്തിലും അതു സ്വാധീനിക്കാവുന്നതാണ്.

സമയക്കുറവുകൊണ്ട് ഞാനിത് ഇപ്പോൾ ഇവിടെ നിർത്തുകയാണ്. ഇതേ വിഷയത്തിൽ അടുത്ത വെള്ളിയാഴ്ച ഖുത്തുബയുടെ നാലാം ഭാഗം തുടരുന്നതിനുള്ള അനുഗ്രഹവും അവസരവും നല്കുന്നതിനായി ഞാൻ അല്ലാഹു(ത)യോട് കേണപേക്ഷിക്കുകയാണ്. ഇൻശാ അല്ലാഹ്. ഇത് അത്തരത്തിലുള്ള വളരെ വിശാലമായ ഒരു വിഷയമാണ്. ഇൻശാ അല്ലാഹ്. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് ഓരോരുത്തരും ഇതിന്റെ ആഴങ്ങളിലേക്ക് പോകേണ്ടതായിട്ടുണ്ട്. ഞാൻ വളരെയധികം ദുആ ചെയ്യുകയാണ്. അങ്ങനെ അല്ലാഹു(ത)യുടെ ഗുണനാമങ്ങൾ നിങ്ങൾക്ക് കൂടുതൽ മനസ്സിലാക്കുവാനുള്ള സൗഭാഗ്യം അവൻ തന്നരുളട്ടെ ഇൻശാ അല്ലാഹ്!

തീർച്ചയായും അല്ലാഹു(ത) നമുക്ക് വളരെയധികം നല്ലതു ചെയ്യുന്നവൻ തന്നെയാണ്. അവൻ അൽബർറ് ആകുന്നു. ഈ ഭൂമിയിൽ നമുക്ക് വേണ്ടതെല്ലാം അവൻ നല്കുന്നു. അതും അവനോട് ചോദിക്കാതെ തന്നെ. അവൻ റഹ്മാൻ ആകുന്നു. അവൻ റഹീം ആകുന്നു. നമുക്കവൻ രക്ഷകർത്താക്കളെ നല്കി. നമ്മെ അവൻ മുസ്ലിംകളായി വളർത്തി. അപ്പോൾ നാം അവനോട് നന്ദികാണിക്കേണ്ടവരല്ലേ? എല്ലാ അറിവും ഉള്ളവൻ അവൻ മാത്രമാണ്. എന്നാൽ അവൻ ദൈവവുമാകുന്നു. പ്രസ്തുത അറിവ് പങ്കുവെയ്ക്കുന്നതിനെ അവൻ ഇഷ്ടപ്പെടുന്നു. അവന്റെ ഈ അറിവെല്ലാം അവൻ സ്വയം സൂക്ഷിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. അവന്റെ ഈ അറിവിൽ നിന്നും കുറച്ച് അവൻ നമുക്ക് നല്കുന്നു. അതിലൂടെ നാം അവന്റെ മഹത്വം തിരിച്ചറിയുന്നു. അതിനാൽ നാം അവനെ ആരാധിക്കുന്നു. അങ്ങനെ നാം ഭൂമിയിൽ നല്ലവരായി ജീവിക്കുന്നു. അവന്റെ പ്രവാചകന്മാരിലൂടെ അവനിൽ നിന്നും വരുന്ന അറിവുകൾ അവൻ നമുക്ക് നല്കുന്നു. വിശിഷ്യാ നമ്മുടെ യജമാനരായ ഹസ്രത് മുഹമ്മദ് മുസ്തഫ (സ)യിലൂടെ ലഭ്യമായ അറിവുകൾ!

വിശുദ്ധഖുർആനിലൂടെ! ആയതിനാൽ നമുക്ക് അവനോട് താഴ്മയായി പ്രാർത്ഥിക്കാം. അങ്ങനെ ആയാൽ നാം നല്ലവരായി അവന്റെ വഴിയിൽ നിലകൊള്ളുന്നവരായിരിക്കും. അങ്ങനെ ആയാൽ അല്ലാഹു(ത) നമ്മിലുള്ള എല്ലാ നുണകളെയും നീക്കം ചെയ്യുന്നതാണ്. പാപങ്ങളെയും നീക്കം ചെയ്യുന്നതാണ്. നാം എല്ലായ്പ്പോഴും ദയയുള്ളവരായിരിക്കും. നാം നമ്മുടെ രക്ഷിതാക്കൾക്കുവേണ്ടി താഴ്മയോട് അവനോട് പ്രാർത്ഥിക്കുന്നവരായിരിക്കും. (ഇപ്പോൾ ജീവിച്ചിരിക്കുന്ന മാതാപിതാക്കൾക്കുവേണ്ടിയും, ആരുടെ മാതാപിതാക്കളാണോ മരണപ്പെട്ടുപോയത്, അവർക്കുവേണ്ടിയും പ്രാർത്ഥിക്കുക, അവരുടെ പേരിൽ സദഖാ ചെയ്യുക. അങ്ങനെ ആയാൽ ഈ നല്ല പ്രവർത്തികൾ അവരുടെ പേരിൽ ഒരുമിച്ചു കൂട്ടപ്പെടുന്നതാണ്, പാരത്രിക ലോകജീവിതക്ഷേമത്തിനായി) ആയതിനാൽ നാം താഴ്മയോടെ, വിനയത്തോടെ ഈ പ്രാർത്ഥന ചെയ്തുകൊണ്ടിരിക്കുക.

എന്റെ നാഥാ! നീ എനിക്കും എന്റെ മാതാപിതാക്കൾക്കും, ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽക്കർമ്മങ്ങൾ ചെയ്യുവാനും നീ എനിക്ക് കഴിവും പ്രേരണയും, എന്റെ സന്തതികളിൽ നീ എനിക്ക് നന്മയുമുണ്ടാക്കേണമെ! ഞാൻ നിന്നിലേക്ക് തീർച്ചയായും മടങ്ങുന്നു. ഞാൻ (നിന്നെ) പരിപൂർണ്ണമായി അനുസരിക്കുന്നവരിൽപ്പെട്ടവനാണ്. (അൽഅഹ്ഖാഫ് 46:16)

ആമീൻ, സുമ്മ ആമീൻ, യാ റബ്ബൽ ആലമീൻ



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*